# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4065

21.07.2015-ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ നിയോജക മണ്ഡല പുനർനിർണ്ണയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ) | |
| എ) | ചാത്തന്നൂർ നിയോജക മണ്ഡലം പുനർനിർണ്ണയം നടത്തിയപ്പോൾ മണ്ഡലത്തിൽ നിലവിലുണ്ടായിരുന്ന നെടുമ്പന ഗ്രാമപഞ്ചായത്ത് മുഖത്തല ബ്ലോക്ക് പഞ്ചായത്തിലേക്ക് മാറ്റുകയും പകരം കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുത്തുകയും ചെയ്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്ക് കൂട്ടിച്ചേർത്ത പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോഴും കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം പരിഗണിച്ച് പ്രസ്തുത ഗ്രാമപഞ്ചായത്ത് ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | ബി) | പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് നിലവിൽ കൊട്ടാരക്കര ബ്ലോക്കിന്റെ ഭാഗമാണെങ്കിലും ചാത്തന്നൂർ അസംബ്ലി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്ന ഒരു ഗ്രാമ പഞ്ചായത്താണ്. ഈ ഗ്രാമ പഞ്ചായത്തിനെ കൊട്ടാരക്കര ബ്ലോക്കിൽ നിന്നും വേർപ്പെടുത്തി ഇത്തിക്കര ബ്ലോക്കിൽ ഉൾപ്പെടുത്തിയാണ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുൻപ് ഈ നടപടി പൂർത്തീകരിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിന് മുമ്പ് ബ്ലോക്ക് പുന:ക്രമീകരണവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ